# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.കെ.ടി.എം.പി11/1189/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/09/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.കെ.ടി.എം.പി11/1189/2021 തീയ്യതി: 28/09/2021

## കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 26-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. രാജേഷ എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജാസ്മിൻ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെസി ജോസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ പി എസ് സജിമോൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ ഇ എസ് കൃഷ്ണകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജീഷ് കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. പ്രസൂൺ മാത്യു | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ പ്രശാന്ത് എ എം | മെഡിക്കൽ ഓഫീസർ പി എച്ച് സി പറത്താനം | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു കെ മാത്യു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ നെൽസൺ എം മാത്യു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത പി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ അനിൽകുമാർ കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സൂസൺ ജോസഫ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി പ്രീമോൾ ദാസ് | ഫഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 04-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Rajesh M (Asst. Audit Officer, On 06-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rajesh M (Asst. Audit Officer, On 05-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Maya R (Audit Officer, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith M (Senior Grade Auditor, On 06-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ranjith M (Senior Grade Auditor, On 06-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-09-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Jasmine (Auditor, On 06-09-2021)<br>Last Updated By: Jasmine (Auditor, On 06-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 09-09-2021)<br>Last Updated By: Maya R (Audit Officer, On 10-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-09-2021) | 1-10 |
| 11 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-12 |
| 13 | 1997 ൽ നടന്ന മണൽ ലേലം- ലേലതുക മുഴുവൻ ഈടാക്കാതെ 24വർഷം -അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ച<br>Written By: Maya R (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-13 |
| 14 | ഗ്രാമപഞ്ചായത്ത് നടത്തിയ വിവിധ തടിലേലങ്ങൾ - വനനികുതി അടവാക്കിയില്ല<br>Written By: Maya R (Audit Officer, On 13-09-2021)<br>Last Updated By: Maya R (Audit Officer, On 13-09-2021) | 1-14 |
| 15 | എസ്.സി കോളനികളിൽ മെഡിക്കൽ ക്യാംപ് -സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Jasmine (Auditor, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-15 |
| 16 | പുല്ലുകയാറ്റിലെ മണൽ നിക്ഷേപം - നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചില്ല-ജില്ലാവിദഗ്ധ സമിതിയുടെ | 1-16 |

| | | |
|---|---|---|
| | പരിഗണനയിൽ കൊണ്ടുവന്നില്ല.<br>Written By: Maya R (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | |
| 17 | വിവിധ ഏജൻസികൾക്ക് തുക നൽകൽ -പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Maya R (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-17 |
| 18 | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Maya R (Audit Officer, On 12-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 13-09-2021) | 1-18 |
| 19 | സുഭിക്ഷം ഫലവൃക്ഷത്തൈ വിതരണം-മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി തൈവിതരണ പദ്ധതിയായി മാറി<br>Written By: Rajesh M (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-19 |
| 20 | സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു<br>Written By: Rajesh M (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-20 |
| 21 | ദുരന്തനിവാരണത്തോടനുബന്ധിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ -നിയമാനുസൃതമല്ലാത്ത രേഖകൾ<br>Written By: Rajesh M (Asst. Audit Officer, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-21 |
| 22 | അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിട നിർമ്മാണം-വൻ സാമ്പത്തികച്ചെലവ്<br>Written By: Rajesh M (Asst. Audit Officer, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-22 |
| 23 | ടെണ്ടർ ഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 11-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 12-09-2021) | 1-23 |
| 24 | ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 1-24 |
| 25 | ലൈഫ് പദ്ധതി -മുൻകൂർ ലഭിച്ച ഗുണഭോക്താവ് ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Maya R (Audit Officer, On 13-09-2021) | 1-25 |
| 26 | ലൈഫ് പദ്ധതി അവലോകനം.<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | 1-26 |
| 27 | കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണം ഫലപ്രദമല്ല<br>Written By: Rajesh M (Asst. Audit Officer, On 07-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | 1-27 |
| 28 | കോവിഡ് പ്രവർത്തനം-അവലോകനം<br>Written By: Ranjith M (Senior Grade Auditor, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: Rajesh M (Asst. Audit Officer, On 05-09-2021)<br>Last Updated By: Maya R (Audit Officer, On 09-09-2021) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 05-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 05-09-2021)<br>Last Updated By: Maya R (Audit Officer, On 10-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Rajesh M (Asst. Audit Officer, On 04-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rajesh M (Asst. Audit Officer, On 06-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 06-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Rajesh M (Asst. Audit Officer, On 04-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 04-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rajesh M (Asst. Audit Officer, On 06-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 06-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 04-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം വിവരം<br>Written By: Rajesh M (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19/03/2020 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6,77,457/- | 1,06,70,639/- |
| വരവ് | 14,56,42,384/- | 5,82,58,153/- |
| ആകെ | 14,63,19,841/- | 6,89,28,792/- |
| ചെലവ് | 14,55,48,880/- | 5,92,48,490/- |
| നീക്കിയിരിപ്പ് | 7,70,961/- | 96,80,302/- |

ബജറ്റ് പ്രകാരവും, പഞ്ചായത്തിന്റെ 2020-21 വരവ്/ചെലവ് പത്രിക പ്രകാരവുമുള്ള യഥാർത്ഥ വരവ്/ ചെലവ്/ നിക്കിയിരിപ്പിൽ വൻ അന്തരമുള്ളതിനാൽ പഞ്ചായത്ത് ബജറ്റ് മാന്വൽ പ്രകാരമല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിലയിരുത്തുന്നു. യാഥാർത്ഥ്യബോധത്തോടെയല്ലാതെ തയ്യാറാക്കുന്ന ബജറ്റ് വരവ്ചെലവുകളിലെ ബജറ്റ് നിയന്ത്രണം അപ്രസക്തമാക്കുന്നു. ഭരണസമിതി വിഷയം പരിഗണിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13,89,85,333/- രൂപയും ചെലവ് 13,46,93,109/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 45,97,617/-(പ്രയർ പിരീഡ് ഉൾപ്പെടെ) രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 6,07,96,399/- രൂപയും ബാധ്യതകളുടെ മൂല്യം 5,94,41,242/- രൂപയും ജനറൽ ഫണ്ട് 13,55,157/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ (ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. 320700204, 320700205,320700404,320700405 ശീർഷകങ്ങളിൽ 31/03/2021 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമല്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് (ബി-7)ഇുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.
5. സ്ഥാപന-ട്രേഡർ തൊഴിൽ നികുതി, ലൈസൻസ് ഡിമാന്റ്-കളക്ഷൻ-ബാലൻസ് തയ്യാറാക്കിയിട്ടില്ല.

6. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകയുടെ വിശദാംശം വിശദീകരിക്കപ്പെട്ടിട്ടില്ല.
7. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് നല്കുന്ന മുൻകൂറുകൾ വിവിധ ശീർഷകങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നു.
8. തൊഴിൽ രഹിത വേതനം ,വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ വാർഷികകണക്കിന്റെ ഭാഗമായിട്ടില്ല.
9. സ്ഥിരനിക്ഷേപം ഇല്ലാത്ത പഞ്ചായത്തിൽ 14,357/-രൂപ സ്ഥിരനിക്ഷേപത്തിൻമേലുള്ള പലിശയായി രേഖപ്പെടുത്തിയിരിക്കുന്നു.
10. LGTSB അക്കൗണ്ടിൽ ജനവരിമാസം വരെ ബാങ്ക് ബുക്കിൽ വരവ് തുകകൾ ക്രഡിറ്റ് ചെയ്തില്ല. വർഷാവസാനം മാത്രമാണ് ക്രമീകരണം നടത്തിയത്
11. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവു-ചെലവു കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
12. B8 ഷെഡ്യൂളിൽ 5627/- രൂപ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.
13. സെക്വേഡ് ലോൺ B5 ഷെഡ്യൂൾ പ്രകാരമുള്ള തുകയും B16 ഷെഡ്യൂൾ പ്രകാരവുമുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
14. RP 40 പ്രകാരം 48,67,130/- രൂപ പാർട്ട് ബിൽ നല്കിയിട്ടുള്ളതായി കാണുന്നു. ആസ്തിയായി മാറ്റാത്തതിനാലാണ് ഇത്തരത്തിൽ വൻ തുക ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കരുതേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം ഉള്ള വരവ്/ ചെവവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,06,70,639/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,82,58,153/- |
| ആകെ | 6,89,28,792/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,92,48,490/- |
| നീക്കിയിരിപ്പ് | 96,80,302/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1406582/- |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|

| | | / വരവ് | | | / ലാപ്സായ തുക | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,42,24,000/- | 1,42,24,000/- | 1,40,87,809/- | 1,36,191/- | 99% |
| വികസന ഫണ്ട്-എസ്.സി.പി | 0 | 52,93,913/- | 52,93,913/- | 46,55,103/- | 6,38,810/- | 88% |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 7,24,502/- | 7,24,502/- | 4,18,791/- | 3,05,711/- | 58% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 74,07,617/- | 74,07,617/- | 65,05,790/- | 9,01,827/- | 87.82% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 39,80,000/- | 39,80,000/- | 26,22,862/- | 13,57,138/- | 66% |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 45,02,000/- | 45,02,000/- | 45,02,000/- | 00 | 100 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 34,56,681/- | 34,56,681/- | 34,56,495/- | 186/- | 99.99% |
| ICDS ഫണ്ട് (കേന്ദ്രവിഹിതം) | 544636/- | 4,61,589/- | 10,06,225/- | 3,70,742/- | 6,35,483/- | |
| MGNREGA (കേന്ദ്രവിഹിതം) | 4,67,763/- | 4,28,86,857/- | 4,33,54,620/- | 4,33,46,662/- | 7,958/- | |
| ജലനിധി (സംസ്ഥാന വിഹിതം) | 40,33,994/- | 1,24,023/- | 41,58,017/- | 23,61,280/- | 17,96,737/- | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 11,06,379/- | 14,70,429/- | 25,76,808/- | 00 | 25,76,808/- | |

വികസന ചെലവ് പൊതുവിഭാഗത്തിൽ പഞ്ചായത്ത് നേരിട്ട് ചെലവഴിച്ച 1,04,46,530/- രൂപയും ജി.ഓ. പ്രോജക്ടിലൂടെ ക്രമീകരിച്ച 36,41,279/- രൂപയും ഉൾപ്പടെ 1,40,87,809/- രൂപയാണ്. വികസന ഫണ്ട് -എസ്.സി.പി. ചെലവ് പഞ്ചായത്ത് നേരിട്ട് ചെലവഴിച്ച 42,15,809/- രൂപയും ജി.ഓ. പ്രോജക്ടിലൂടെ ക്രമീകരിച്ച 4,39,294/- രൂപയും ഉൾപ്പടെ 46,55,103/- രൂപയുമാണ്. ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അക്കൗണ്ടിങ്ങിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം,വികസന ഫണ്ട് -എസ്.സി.പി. എന്നിവയുടെ അലോട്ട്മെന്റ് തുകയിൽ സോഴ്സിൽ കുറച്ച തുകഉൾപ്പെട്ടിട്ടില്ല . ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ നീക്കിയിരിപ്പും ഗ്രാന്റ് പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

3.ICDS കേന്ദ്രവിഹിതം നീക്കിയിരിപ്പുള്ളത് അങ്കണവാടി വികസനം ഉൾപ്പെടയുള്ള പ്രോജക്ടുകൾക്ക് ചെലവഴിക്കാമെങ്കിലും തനത് ഫണ്ടിൽ സൂക്ഷിച്ച് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

4. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല .ടൈഡ് ഫണ്ട് 65.9% അൺടൈഡ് ഫണ്ട് 87.82% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

5.ജലനിധി നടത്തിപ്പിന് ലഭിച്ച ഫണ്ട് 17,96,737/- രൂപ പ്രോജക്ട് അവസാനിച്ചെങ്കിലും ബാധ്യതകണക്കിൽ അവശേഷിക്കുന്നു.

6.പഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച ധനകാര്യ പത്രിക പ്രകാരമുള്ള അവയുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമല്ല. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്

എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

7.തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പരിശോധിച്ച് ബോധ്യപ്പെട്ട വിവരമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28.1.2021ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 18-12-19 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 18-12-19 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 18-12-19 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 12-01-20 മുതൽ 19-1-20 വരെ |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 9-01-20 |
| വികസനസെമിനാർ | 17-2-20 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 101625369/- രൂപയും ആകെ ചെലവ് 48796571/- രൂപയുമാണ്. ചെലവുശതമാനം 48.01%.

സർക്കാർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ് പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി. സ.ഉ (സാധാ)നം 3099/2021/ധന തീയതി 29-3-21, സ.ഉ (സാധാ)നം 2904/2021/ധന തീയതി 25-3-21 ഉത്തരവുകൾ പ്രകാരം 2020-21ൽ ബജറ്റ് വിഹിതം ധനകാര്യകമ്മീഷൻ ഒഴികെയുള്ള വികസനഫണ്ട് 90%ൽ കൂടുതൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സ്പിൽ ഓവർ പദ്ധതികൾക്കുള്ള ക്യാരി ഓവർ വിഹിതമായി അർഹമായ തുകയുടെ 50%തുക പൊതുവിഭാഗം, എസ് സിപി ഫണ്ടിൽ ലഭിച്ചിരുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 1032300 | 876100 | 84.86 |
| വെറ്ററിനറി സർജൻ | 7 | 7 | 2429317 | 2425077 | 99.82 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എം.ഒ (പിഎച്ച്സി) | 7 | 5 | 1329187 | 716575 | 53.91 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 369000 | 62008 | 16.80 |
| വി ഇ ഒ | 17 | 15 | 50378022 | 9585709 | 19.02 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 9 | 3720410 | 2463066 | 66.20 |
| സെക്രട്ടറി | 31 | 27 | 9407333 | 7008167 | 74.49 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 124 | 108 | 31245350 | 24073843 | 77.04 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 250000 | 83.33 |
| ഹെഡ്മാസ്റ്റർ | 3 | 3 | 95000 | 89351 | 94.05 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 1319450 | 1246675 | 94.48 |
| ആകെ | 220 | 193 | 101625369 | 48796571 | 48.01 |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 33.3 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വികസനഫണ്ട് പൊതുവിഭാഗം, എസ് സിപി, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് 100% ന് അടുത്താണ്. ടി എസ് പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗം യഥാക്രമം 58%, 66% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 17 പ്രോജക്കുകളിൽ 15 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങളും ചെലവഴിക്കാതിരുന്നത് മൂലം ആകെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (ചെലവ് ശതമാനം 19.02%) ഉണ്ടായത്. ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1,36,191/- |
| വികസന ഫണ്ട്-എസ്.സി.പി | 6,38,810/- |
| വികസന ഫണ്ട്- ടി.എസ്.പി. | 3,05,711/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 9,01,827/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 13,57,138/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 00 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 186/- |
| ആകെ | 3339863 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 33.39 ലക്ഷം രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 33 ലക്ഷത്തിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2020-21 വർഷം 2853 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 449 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 333 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 202 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 112985 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ട 1463 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കിയുള്ള ജല സംരക്ഷണ പ്രവർത്തി, തോട് ആഴം കൂട്ടൽ, മിനി എം സി ഫ് നിർമ്മാണം, തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21ലെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 467763 | 1494235 | 1961998 | 1954040 | 7958 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | | 41392622 | 41392622 | 41392622 | |
| ആകെ | 467763 | 42886857 | 43354620 | 43346662 | 7958 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം,

ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ര നം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 14,160/- | 23 |
| 2 | വാർദ്ധക്യകാലപെൻഷൻ | 3,11,96,100/- | 1819 |
| 3 | കർഷകതൊഴിലാളി പെൻഷൻ | 32,76,100/- | 170 |
| 4 | വിധവാപെൻഷൻ | 53,41,700/- | 382 |
| 5 | 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 4,23,000/- | 30 |
| 6 | വികലാംഗപെൻഷൻ | 33,90,600/- | 179 |
| 7 | വിവാഹ ധനസഹായം | 30,000/- | 1 |

മേൽ പറഞ്ഞവയിൽ ക്ര നം 1,4,5 എന്നിവ വാർഷികകണക്കിന്റെ ഭാഗമായിട്ടില്ല.

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 31/08/2021-ന് 02:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 67948/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇതിൽ 2750/- രൂപ ഫെസ്റ്റിവൽ അലവൻസ് പിൻവലിച്ചത് വിതരണം ചെയ്യാനുള്ള തുകയായിരുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഫെബ്രുവരി 2020 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഫെബ്രുവരി 2021നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-11-2020 | 03/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-5-2018മുതൽ 04/06/2018 വരെ | 2013-14 മുതൽ 2017-18വരെ | LBA(HQ)11/1/8A-51/2018-19/71 Dt.05/07/2018 |

1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശിക തുക ലഭിക്കുവാനുണ്ട്. പല ടവറുകളുടെയും വസ്തു നികുതി കാലങ്ങളായി അടവാക്കുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സീരിയൽ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | മൊബൈൽ കമ്പനി | ഉടമയുടെ വിലാസം | തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 1/146 A | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 38/628 എ,പി.എസ്.എ റോഡ് | 252351 | 2013-14മുതൽ 2021-22 വരെ |
| 2 | 1/146 B | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 38/628 എ,പി.എസ്.എ റോഡ് | 66287 | 2013-14മുതൽ 2021-22 വരെ |
| 3 | 1/146 C | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | ഫോർത്ത് ഫ്ലോർ,മേഴ്സി എസ്റ്റേറ്റ് | 178025 | 2013-14മുതൽ 2021-22 വരെ |
| 4 | 1/146 D | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | ഫോർത്ത് ഫ്ലോർ,മേഴ്സി എസ്റ്റേറ്റ് | 46499 | 2013-14മുതൽ 2021-22 വരെ |
| 5 | 1/404/UA | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 32/2552-Cpk Tower Kochi | 77719 | 2019 രണ്ടാം അർദ്ധവർഷം മുതൽ 2020-21 വരെ |
| 6 | 4/3 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 38/628/ എ&പി.എസ്.എ റോഡ് | 48212 | 2013-14മുതൽ 2021-22 വരെ |
| 7 | 4/3A | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 38/628/ എ&പി.എസ്.എ റോഡ് | 41416 | 2019-20 മുതൽ 2020-21 വരെ |

| | | | | | |
|---|---|---|---|---|---|
| 8 | 7/70 B | ബി.എസ്.എൻ.എൽ | ജനറൽ മാനേജർ | 60480 | 2018-19 മുതൽ 2020-21 വരെ |
| 9 | 12/157 | ബി.എസ്.എൻ.എൽ | ജനറൽ മാനേജർ | 8487 | 2018-19 മുതൽ 2020-21 വരെ |
| ആകെ കുടിശിക തുക | | | | 779476 | |

മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശികയായി ലഭിക്കുവാനുള്ള വസ്തു നികുതി അടിയന്തിരമായി ഇടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. സ്ഥാപന തൊഴിൽ നികുതി

താഴെ പറയുന്നവയിൽ ക്രമ നം. 1, 2 ഒഴികെയുള്ള സ്ഥാപനങ്ങൾ 2020-21 രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| | സ്ഥാപനം |
|---|---|
| 1 | പരുത്തുപ്പാറ ഫിനാൻസ്-ഇളംകാട് -ആദ്യ അർദ്ധവർഷം അടച്ചിട്ടില്ല. |
| 2 | മരിയ ഫിനാൻസ്-രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല. |
| 3 | ഐശ്വര്യ ഫിനാൻസ് -ഏന്തയാർ |
| 4 | ക്ഷീര കർഷക സംഘങ്ങൾ, പറത്താനം,ഏന്തയാർ,ഇളംകായ്,കൂട്ടിക്കൽ |
| 5 | ആൽഫ ഫൈനാൻസിയേഴ്സ് |
| 6 | അഗ്രോ ഇംപ്രൂവ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി-കൂട്ടിക്കൽ |
| 7 | ജോൺകോ ലീ റ്റീ & ഇൻഡസ്ട്രീസ് -പറത്താനം |

## 1-13 1997 ൽ നടന്ന മണൽ ലേലം- ലേലതുക മുഴുവൻ ഈടാക്കാതെ 24വർഷം -അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ച

1997 ൽ നടന്ന മണൽ ലേലത്തിൽ ലേലം കൊണ്ട പിജെ തോമസ് , പുതിയാപറമ്പിൽ എന്നയാൾ 1,01,250/- രൂപയ്ക്ക് ലേലം കൊള്ളുകയും അതിൽ 50000/-രൂപ അടയ്ക്കുകയും ചെയ്തിരുന്നു. ടിയാൾ ബാക്കിതുക നാളിതുവരെ അടവാക്കിയിരുന്നില്ല. ബാക്കി തുക 31/12/97 ന് മുൻപായി അടച്ചുതീർക്കാമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്തുമായി 12-11-97ൽ എഗ്രിമെന്റ് വച്ചിരുന്നു. കുടിശിക തുക അടയ്ക്കണമെന്ന് കാണിച്ച് 13-4-98ൽ റവന്യൂറിക്കവറി നോട്ടീസ് ടിയാൾക്ക് നൽകിയിരുന്നുവെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. അടയ്ക്കാനുള്ള കുടിശിക തുക 51250/-രൂപ 18% പലിശ സഹിതം ഈടാക്കുന്നതിന് ടിയാൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 07-08-19ലെ 4/1 നം പ്രകാരം തീരുമാനിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം1) മറുപടിയായി പ്രസ്തുത കമ്മറ്റി തീരുമാനവും ഫയലുകളും അഡ്വ.ജോൺസണ് കൈമാറി വക്കാലത്ത് ഒപ്പിട്ടുവെന്നും പ്രൊസിക്യൂഷൻ ഫയലിൽ സ്വീകരിച്ചിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലേലകുടിശിക വരുത്തിയതിൻമേൽ 24വർഷത്തിന് ശേഷവും തുക ഈടാക്കാൻ ഗ്രാമപഞ്ചായത്ത്

നാളിതുവരെ നടപടി സ്വീകരിച്ചില്ലായെന്നത് അതീവഗുരുതരമായ കൃത്യവിലോപമാണ്. പ്രൊസിക്യൂഷൻ നടപടികളിൽ കാലതാമസം വരുത്താതെ നടപടികൾ സ്വീകരിക്കുന്നതിന് അധികാരികളുടെ ഭാഗത്തുനിന്നുംഅടിയന്തിര ശ്രദ്ധഉണ്ടാവേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

1-14 ഗ്രാമപഞ്ചായത്ത് നടത്തിയ വിവിധ തടിലേലങ്ങൾ - വനനികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നടത്തിയ താഴെപറയുന്ന ലേലങ്ങളിൽ വനംവകുപ്പിലേക്ക് ഒടുക്കേണ്ടിയിരുന്ന FDT (5%തുക)ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

1. ഇളംകാട് ടോപ്പ് അംഗൻവാടി ഭാഗത്ത് നിന്ന തേക്ക് മരം-ലേലം ഉറപ്പിച്ച തുക 14000/ലേലം കൊണ്ടയാൾ -ശ്രീ ജോസഫ് ഫ്രാൻസിസ്, മണ്ഡപത്തിൽ

2. കൂട്ടിക്കൽ ടൗൺഭാഗത്ത് നിന്ന പ്ലാവ്-ലേലം ഉറപ്പിച്ച തുക 26500/ലേലം കൊണ്ടയാൾ ശ്രീ വർഗീസ് ചൂളയ്ക്കൽ

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10)മറുപടിയായി വനനികുതി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 എസ്.സി കോളനികളിൽ മെഡിക്കൽ ക്യാംപ് -സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് നമ്പർ | 115/21, മെഡിക്കൽ ക്യാംപും ഉപകരണ വിതരണവും |
| അടങ്കൽ | 70000( എസ് സി പി) |
| ചെലവ് | 70000 (ബിൽ നം.12/2020-21 തീയതി16.3.2021) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,കൂട്ടിക്കൽ |

സ.ഉ.(കൈ)നമ്പർ.80/2017 തസ്വ ഭ.വ. തീയതി.03.04.2017,13-ാം പദ്ധതി പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് മെഡിക്കൽ ക്യാംപുകൾ നടത്തുവാൻ അനുമതിയുള്ളത്. എന്നാൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., കൂട്ടിക്കൽ 2020-21 ൽ നിർവഹണം നടത്തിയ മെഡിക്കൽ ക്യാംപും ഉപകരണ വിതരണവും എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ-115/21) എസ്.സി. കോളനികളിലാണ് മെഡിക്കൽ ക്യാംപ് നടപ്പിലാക്കിയത്. എസ്.സി. കോളനികളിൽ മെഡിക്കൽ ക്യാംപ് നടത്തുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ9 ) മറുപടി ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 70000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 പുല്ലകയാറ്റിലെ മണൽ നിക്ഷേപം - നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചില്ല- ജില്ലാവിദഗ്ധ സമിതിയുടെ പരിഗണനയിൽ കൊണ്ടുവന്നില്ല.

പുല്ലകയാറ്റിൽ 2018, 2019 വർഷങ്ങളിലെ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും 1.10Km ദൂരത്തിൽ അടിഞ്ഞ് കൂടിയ മണലും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന്റെ ഭാഗമായി ഏകദേശം 50000 ക്യൂബിക് മീറ്റർ വരുന്ന മണ്ണ് നിക്ഷേപിക്കുന്നതിനായി സ്ഥലം കണ്ടെത്തി അറിയിക്കാൻ ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. തുടർ നടപടി സ്വീകരിക്കുന്നതിന് ജില്ലാകളക്ടറോട് അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 06-6-2020ലെ 8/2 നമ്പരായി തീരുമാനമെടുത്തിരുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം1) മറുപടിയായി 50000 ക്യൂബിക് മീറ്റർ മണ്ണ്

സ്റ്റാക്ക് ചെയ്യുന്നതിനുള്ള സ്ഥലം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ നിർമ്മിതികേന്ദ്രം പോലുള്ള ഏജൻസികൾ വഴി നീക്കം ചെയ്യാൻ ജില്ലാദുരന്തനിവാരണ അതോറിറ്റിയോട് അഭ്യർത്ഥിച്ചതായി അറിയിച്ചിട്ടുണ്ട്. ഉരുൾ പൊട്ടലും വെള്ളപ്പൊക്കവും സാധാരണമായ പൂല്ലകയാറ്റിൽ വൻ തോതിൽ മണൽ അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെടുത്തുന്നത് നദീതീരങ്ങളുടെ ജൈവ-ഭൗതിക-പരിസ്ഥിതസംതുലനത്തിന് കോട്ടംവരുത്തുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ, മണൽ നീക്കം ചെയ്യാത്ത പക്ഷം തുടർവർഷങ്ങളിൽ വെള്ളപ്പൊക്കത്തിനുള്ള സാദ്ധ്യതയുമുണ്ടാകുന്നു. പ്രസ്തുത വിഷയം ജില്ലാവിദഗ്ധസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് മണൽ നീക്കത്തിന് അടയന്തിര നടപടിസ്വീകരിക്കേണ്ടതും നദീസംരക്ഷണം ഉറപ്പാക്കേണ്ടതുമാണ്.

## 1-17 വിവിധ ഏജൻസികൾക്ക് തുക നൽകൽ -പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപറയുന്ന പ്രൊജക്റ്റുകൾ പ്രകാരം വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊനം &പേര് | നൽകിയ തുക | ഏജൻസി |
|---|---|---|
| 122/21ക്യാൻ കോട്ടയം-ഫിറ്റ് കോട്ടയം | 70723(ബിൽ നം 37/19-3-21) | പാല ജനറൽ ആശുപത്രിയിൽ കൊബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങുന്നതിന് KMSCLൽ നിക്ഷേപിക്കുന്നതിനായി -കോട്ടയംജില്ലാപഞ്ചായത്തിന് നൽകിയ വിഹിതം |
| 173/21ഉരുളുമൊട്ട അംഗൻവാടി നിർമ്മാണം | 1,00,000/- (ബിൽ നം 3/16-4-20) | MGNREGA State Mission |
| 95/21 തെരുവു നായ്ക്കളുടെ വന്ധ്യംകരണം | 2,01,600/- (ബിൽ നം 6/10-6-20) | കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ , കോട്ടയം |
| 178/21 പറത്താനം പിഎച്ച്സി നിർമ്മാണം -പഞ്ചായത്ത് വിഹിതം | 738500/- ബിൽ നം 2/16-4-20) | ആർദ്രം മിഷൻ -ആരോഗ്യകേരളം -കോട്ടയം |
| ആകെ | 1110823 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഓഫീസിൽ കത്ത് നൽകിയതായി പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം9A) മറുപടി ലഭ്യമാക്കിയിരുന്നു. വിഹിതം നൽകിയ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും പ്രവർത്തി പൂർത്തീകരിച്ചതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കുന്നതു വരെ ടിയിനത്തിൽ ആകെ ചെലവഴിച്ച 1110823/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ ഹോമിയോ, ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്നുവാങ്ങലിനായി സർക്കാർ എജൻസികളായ ഔഷധി, ഹോംകോ എന്നിവയിലേക്ക് തുക മുൻകൂറായി നൽകിയിരുന്നുവെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊനം &പേര് | തുക നൽകിയ | നൽകിയ തുക | ലഭിച്ച മരുന്നിന്റെ | ലഭിക്കാനുള്ള മരുന്നിന്റെ |
|---|---|---|---|---|

| | ഏജൻസി | | വില | വില |
|---|---|---|---|---|
| പ്രൊ നം 13/21 മരുന്നുവാങ്ങൽ -ആയുർവേദം | ഔഷധി | 3,50,000 | 291241 | 58759 |
| പ്രൊ നം 12/21 മരുന്നുവാങ്ങൽ -ഹോമിയോ | ഹോംകോ | 1,50,000 | 0 | 1,50,000 |
| ആകെ ലഭിക്കാനുള്ള മരുന്നിന്റെ വില | | | | 208759 |

ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 208759/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരമറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 സുഭിക്ഷം ഫലവൃക്ഷത്തൈ വിതരണം-മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി തൈവിതരണ പദ്ധതിയായി മാറി

2020-21 ലെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള, വർഷം 1 കോടി തൈകൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 150000/- രൂപ വികസനഫണ്ട് ചെലവഴിച്ച് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിലെ കർഷകർക്ക് 100% സബ്സിഡിയോടെ തൈകൾ വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം തൈവിതരണപ്രോജക്ട് എന്നതിനുപരിയായി ഒരു ജനകീയ പദ്ധതിയായി തൊഴിലുറപ്പ് പദ്ധതി ഫണ്ടും തൊഴിലാളികളെയും സഹകരിപ്പിച്ച് നടപ്പാക്കാനും കമ്മറ്റി രൂപീകരിച്ച് തുടർസംരക്ഷണം ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു. ആവശ്യമായ തൈകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉല്പാദിപ്പിക്കുന്നതിനും ആവശ്യമെങ്കിൽ മാത്രം വികസനഫണ്ട് ചെലവഴിക്കുന്നതിനുമാണ് നിർദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ അടിസ്ഥാനതത്വങ്ങൾ പോലും പാലിക്കാതെ തൈവിതരണപ്രോജക്ടായി നടപ്പാക്കുകയും തുടർ നിരീക്ഷണം ഉപേക്ഷിച്ച നിലയിലുമാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3) മറുപടിയായി സർക്കാർ നിർബന്ധിത പ്രോജക്ട് ആണെന്നും 70% തൈകൾ നല്ലരീതിയിൽ നിലനില്ക്കുന്നു എന്നും മറുപടി നല്കി. സർക്കാർ നിർദ്ദേശാനുസരണം അല്ല പ്രോജക്ടിന്റെ നിർവ്വഹണം നടന്നിട്ടുള്ളത്. കൂടാതെ സർക്കാർ വിഭാവനം ചെയ്തിരുന്നതിന് വിരുദ്ധമായി പഞ്ചായത്തിൽ ഇത് തൈവിതരണ പ്രോജക്ടായി മാറി. സർക്കാർ വിഭാവനം ചെയ്യുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കും വിധം പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

## 1-20 സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം/പ്രോജക്ട് | 100/20-21, ചെറു തേനീച്ച വളർത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| അടങ്കൽ | വികസനഫണ്ട്-51600/-+ഗുണഭോക്തൃവിഹിതം34000/-<br>ആകെ 85600/- |
| ചെലവ് | വികസനഫണ്ട് -51600/- ബിൽ നം 02/20-21<br>ഗുണഭോക്തൃവിഹിതം-34000/-<br>ആകെ - 85600/- |

14-2-2018 ലെ സ ഉ(കൈ)നം 22/2018 തസ്വഭവ ,സബ്സിഡി മാർഗ്ഗരേഖ 6-1-29 പ്രകാരം പൊതു വിഭാഗം തേനീച്ച വളർത്തലിന് 60% സബ്സിഡി അനുവദനീയമാണ്. ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ള വില യൂണിറ്റ് കോസ്റ്റായി ജില്ലാതലത്തിൽ നിശ്ചയിക്കണം. ഒരു തേനീച്ചപ്പെട്ടിക്ക് യൂണിറ്റ് ചെലവായി കോട്ടയം ജില്ലാ ആസൂത്രണസമിതി

നിശ്ചയിച്ചിട്ടുള്ളത് (ഉത്തരവ് നം 1891/19/ഡി പി സി/ഡിപിഒ/കെ റ്റി എം തീ 22/10/2019) 1400/- രൂപയാണ്. കൂടാതെ ഗുണഭോക്താക്കളുടെ പരിശീലനച്ചെലവുംനല്കാവുന്നതാണ്.

കുട്ടിക്കൽ കാർഷിക സേവന കേന്ദ്രം വഴി 32 ഗുണഭോക്താക്കൾക്കായി 34 പെട്ടികൾ85000/-രൂപ ചെലവിൽ , പെട്ടി ഒന്നിന് 2500/- രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട് ( ഇതിൽ 1500 രൂപ വികസനഫണ്ടും 1000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് ). കൂടാതെയുള്ള 600 രൂപയുടെ ചെലവിന്റെ വിവരം ലഭിച്ചിട്ടുമില്ല.

ജില്ലാ കൃഷി ഓഫീസർ നിശ്ചയിച്ച് , ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചിട്ടുള്ള യൂണിറ്റ് ചെലവ് 1400/- രൂപ ആയതിനാൽ ഇതിന്റെ 60% ആയ 840/- രൂപ വികസനഫണ്ടും 560/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് ഒരു യൂണിറ്റിന് നിയമാനുസൃതം ചെലവഴിക്കാവുന്നത്. അധികമായി പരിശീലനച്ചെലവും നല്കാവുന്നതാണ്. ഇതു പ്രകാരം32 ഗുണഭോക്താക്കൾക്കായി 34 പെട്ടികൾക്ക് ആകെ ചെലവഴിച്ചതും ചെലവഴിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ചത് |
|---|---|---|---|
| വികസനഫണ്ട് | 51600 | 28560/- | 23040/- |
| ഗുണഭോക്തൃവിഹിതം | 34000 | 19040/- | 14960/- |
| ആകെ | 85600 | 47600/- കൂടാതെ പരിശീലനച്ചെലവും | 38000/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- കുട്ടിക്കൽ കാർഷിക സേവന കേന്ദ്രം ഉത്പാദകരോ വിതരണക്കാരോ അല്ലാത്തതിനാൽ പെട്ടി വിതരണം നടത്തിയവരുടെ യഥാർത്ഥ ബില്ല് പരിശോധനക്ക് ലഭിച്ചില്ല.
- പരിശീലനം നടന്നതു സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഇല്ല
- 85000/- രൂപ കുട്ടിക്കൽ കാർഷിക സേവന കേന്ദ്രത്തിന് നല്കിയിട്ടുണ്ട് അധികമായുള്ള 600/- രൂപയുടെ ചെലവ് വിവരം ലഭ്യമല്ല.
- വികസന ഫണ്ട് 23040/- രൂപ അധികമായി പിൻവലിച്ചു.
- ആകെ ചെലവിന്റെ 60% സബ്സിഡി നല്കി പദ്ധതി രൂപീകരിക്കുന്നത് പരമാവധി കർഷകരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനാണ്. ഇതിന് വിരുദ്ധമായി ഒരു പെട്ടിക്ക് 440 രൂപ അധിക നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കി.

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചെറുതേനീച്ചക്ക് മാർക്കറ്റിൽ 4000/- രൂപ വരെ വിലയുണ്ടെന്നും കാർഷിക സർവ്വകലാശാല റേറ്റ് 2600/- രൂപയാണെന്നും നിർവ്വഹണസമയത്ത് പരാമർശം നടത്താതെ പൂർത്തീകരണത്തിന് ശേഷം നടത്തുന്ന പരാമർശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നെന്നും മറുപടി നല്കി. 600 രൂപ ചെലവഴിച്ചത് പരിശീലനത്തിനാണ് എന്നും അറിയിച്ചു. ചെറു തേനീച്ചക്ക് ജില്ലാ ആസൂത്രണ സമിതി നേരത്തെ നിശ്ചയിച്ച യൂണിറ്റ് നിരക്ക് 2000/- രൂപയാണെന്ന് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുത്തി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന നിരക്ക് നല്കാനേ നിലവിൽ വ്യവസ്ഥയുള്ളൂ. യൂണിറ്റ് നിരക്ക് അവസാനമായി പുതുക്കിയപ്പോൾ വ്യത്യാസപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിലുള്ള നിരക്ക് 2000 രൂപയാണ്. ഇതു പ്രകാരം 34 യൂണിറ്റിന് അധികം നല്കിയ 17000/- രൂപയുടെ(34*500) ചെലവ് തടസ്സപ്പെടുത്തുന്നു. ഈ ചെലവിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി പരിശോധനക്ക് ഹാജരാക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

<u>1-21 ദുരന്തനിവാരണത്തോടനുബന്ധിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ -നിയമാനുസൃതമല്ലാത്ത</u>

രേഖകൾ

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ 2020 ആഗസ്റ്റ് 8 മുതൽ 11 വരെ അതിതീവ്രമഴയും അതോടനുബന്ധിച്ച് ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകുകയും റോഡ് ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. പഞ്ചായത്ത് കമ്മറ്റി നിർദ്ദേശാനുസരണം അസിസ്റ്റന്റ് എഞ്ചിനീയർ ഗതാഗത തടസ്സം മാറ്റുകയും പ്രസ്തുത പ്രവൃത്തിക്ക് 17-8-20 ലെ 1(5) തീരുമാനം അംഗീകാരം നല്കുകയും ചെയ്തു. ഇത്തരം അടിയന്തിര സാഹചര്യത്തിൽ ടെണ്ടർ നടപടികൾ ഒഴിവാക്കി പ്രാദേശിക കരാറുകാരെ ഉപയോഗിച്ചോ, വകുപ്പ് നേരിട്ടോ പ്രവൃത്തി ചെയ്യിക്കുന്നതിന് പൊതുമരാമത്ത് മാന്വൽ 1012 ഖ 2013 അനുമതി നല്കുന്നുണ്ട്. ഇത്തരത്തിൽ വകുപ്പ് നേരിട്ട് പ്രവൃത്തി ചെയ്യിക്കുമ്പോൾ യഥാർത്ഥ ബില്ലുകൾ മസ്റ്ററോൾ, ഡി എൽ ആർ എന്നിവ തയ്യാറാക്കി തുക ചെലവഴിക്കുകയും ആയവ ഏതവസരത്തിലും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

പഞ്ചായത്തിൽ ഈ പ്രവൃത്തിക്കാവശ്യമായ പണം കണ്ടെത്തിയത് 2020-21 ൽ ആസൂത്രണം ചെയ്ത 246/21 നമ്പർ പ്രോജക്ടിൽ നിന്നാണ്. ഓടകളിൽ നിന്നും മണ്ണ് മാറ്റുന്നതിന് 2.3 ലക്ഷം രൂപ അടങ്കലിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടിന് 15-09-2020 ലാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. 01-10-2020 ൽ കരാർ വച്ച ജോസഫ് ഫ്രാൻസിസ് എന്ന കരാറുകാരന് 220487/- രൂപ നല്കിയിട്ടുണ്ട്.ബില്ല് പ്രകാരം പിൻ വലിച്ച 2,29,675/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജോസഫ് ഫ്രാൻസിസ് | 220487 |
| വെൽഫയർഫണ്ട് | 2297 |
| ജി എസ് റ്റി | 4594 |
| ഐ റ്റി | 2297 |
| ആകെ | 229675 |
| ബിൽ നം തീയതി | 86/27-2-2021 |

യുദ്ധകാലാടിസ്ഥാനത്തിൽ 08/2020 മാസത്തിൽ വകുപ്പ് നേരിട്ട് നടത്തിയ പ്രവൃത്തിക്ക് യഥാർത്ഥ ബില്ലുകൾ മസ്റ്ററോൾ, ഡി എൽ ആർ എന്നിവ തയ്യാറാക്കി തുക നല്കുന്നതിന് പകരം , അസ്വീകാര്യമായ നടപടികളിലൂടെ പണം കണ്ടെത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 7/8/2020, 8/8/2020, 9/8/2020 തീയതികളിൽ നടത്തി 8/8/2020 ൽ ചെക്ക് മെഷർ ചെയ്ത പ്രവൃത്തിക്ക് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത് 17/8/2020 ലാണ്.പ്രവൃത്തി നിർവ്വഹിച്ച് ദിവസങ്ങൾക്ക് ശേഷം സമർപ്പിച്ച ക്വട്ടേഷൻ നിയമാനുസൃതമുള്ളതല്ല.
- ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത് 15-09-2020 ലാണ് .നിർവ്വഹണം നടന്നു കഴിഞ്ഞ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നല്കുന്നത് അർത്ഥശൂന്യമായ പ്രവൃത്തിയാണ്.
- പ്രവൃത്തിയുടെ കരാർ തീയതി 1/10/2020 ലാണ് (42/AE/LSGD/KTL/20-21 Dt.1-10-2020).പ്രവൃത്തി നിർവ്വഹണം കഴിഞ്ഞ് കരാർ വച്ചത് നിയമാനുസൃതമല്ല.
- 2778.5ക്യൂ മീ മണ്ണ് നീക്കം ചെയ്തതായാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്.300 ക്യൂ മീ ന് മുകളിൽ അളവ് എടുക്കുന്നതിന് ലവൽമെഷർമെന്റ് ആവശ്യമാണ്. അടിയന്തിര സാഹചര്യത്തിൽ ഇത് അസാദ്ധ്യമായതിനാൽ നീക്കം ചെയ്യാൻ ഉപയോഗിച്ച മെഷീനറിയുടെ പ്രവർത്തന സമയം,തൊഴിലാളികളുടെ കൂലി എന്നിവ കണക്കാക്കി തുക നല്കാനേ കഴിയുകയുള്ളൂ.

അപാകതകളിൽ നിന്നും യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്ത് അളവ് രേഖപ്പെടുത്തി, അർഹനായ കരാറുകാരനാണ് തുക നല്കിയതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. MoRd Specification 3-5-2 വാല്യുവേഷൻ പ്രകാരം 2778.5 ക്യൂ മീ മണ്ണ് നീക്കം ചെയ്യുകയും ഹൈഡ്രോളിക് എക്സ്കവേറ്റർ 28

മണിക്കൂർ പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങളാണെങ്കിലും തുക നല്കുന്നതിന് അസ്വീകാര്യമായ രേഖകൾ ഉപയോഗിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.അപാകതയിൽ വിശദീകരണം നല്കുന്നതോടൊപ്പം യഥാർത്ഥ ചെലവുകൾക്കാധാരമായ രേഖകൾ (യഥാർത്ഥ ബില്ലുകൾ മസ്റ്ററോൾ, ഡി എൽ ആർ) പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ അടിയന്തിര സാഹചര്യം വിശദീകരിക്കുകയാണ് ചെയ്തത്. 13/9/2021 ൽ ചേർന്ന എക്സിറ്റ് മീറ്റിംഗിലെ ചർച്ചയുടെ അടിസ്ഥാനത്തിലും, അന്നത്തെ പ്രസിഡന്റും ഇന്നത്തെ വൈസ് പ്രസിഡന്റുമായ ജെസി ജോസ് നല്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും അടിയന്തിരസാഹചര്യത്തിൽ ചെയ്ത പ്രവൃത്തി എന്ന നിലയിൽ വാല്യൂവേഷൻ പ്രകാരമുള്ള അളവുകൾ അംഗീകരിക്കുന്നു. സമാന രീതിയിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിട നിർമ്മാണം-വൻ സാമ്പത്തികച്ചെലവ്

പഞ്ചായത്തിന് ഭൂമി ഇല്ലാത്തതിനാൽ പുല്ലകയാറിന്റെ അരികിലായി പണിയുന്ന കൃഷി ഭവൻ കെട്ടിടത്തിന് നാളിതു വരെ 40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുമുണ്ട്. നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലത്ത് ഉള്ള കെട്ടിട നിർമ്മാണം പഞ്ചായത്തിന് വൻബാധ്യതയാണ് സൃഷ്ടിക്കുന്നത്.പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച കെട്ടിടത്തിൽ നിലവിൽ കൃഷി ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഓഫീസിനാകട്ടെ അഗ്രികൾച്ചർ മാന്വലിൽ പ്രതിപാദിച്ചിട്ടുള്ള സൗകര്യങ്ങൾ ഉള്ളതായും കാണുന്നില്ല. കെട്ടിടത്തിനും, സംരക്ഷണഭിത്തിക്കുമായി നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|
| 135/2018, പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) | 11,63,778/-(ലോകബാങ്ക് സഹായം) | 11,63,868/- 6,30,432/-(ബിൽ നം. 24/17.10.2017) 5,33,436/-ബിൽ നം. 25/17.10.2017) |
| | 2017-18 | |
| 122/2018, പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 5,76,236/- (വികസനഫണ്ട്) | 2,47,524/-ബിൽ നം. 64/26.03.2018) |
| എസ്.ഒ 163/2019, പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 3,28,712/- (വികസനഫണ്ട്) | - |
| 131/19, പഞ്ചായത്ത് അനക്സ് | 8,14,420/- (വികസനഫണ്ട്) | - |
| | 2018-19 | |
| 163/19 പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 328712/- (വികസനഫണ്ട്) | 327180 |
| | 2019-20 | |
| 131/20, പഞ്ചായത്ത് അനക്സ് മൂന്നാം ഘട്ടം | 814420(വികസനഫണ്ട്) | 813883 |
| | | |

| | | |
|---|---|---|
| 86/20 പഞ്ചായത്ത് അനക്സ് നാലാം ഘട്ടം | 223917(ധ ക ഗ്രാന്റ്) | 221794 |
| | 2020-21 | |
| 185/2021 കൃഷി ഭവൻ അനുബന്ധകെട്ടിടം | 471000(വികസനഫണ്ട്) | 466850 |
| 264/2021 അനുബന്ധ കെട്ടിടം അടിസ്ഥാന സൗകര്യമൊരുക്കൽ | 185400/(വികസനഫണ്ട്) | 185400 |
| തൊഴിലുറപ്പ് പദ്ധതിയിൽ സംരക്ഷണഭിത്തി | 4.68 ലക്ഷം | - |
| | | 3426499 |

കെടിട നിർമ്മാണ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്ത സ്ഥലം തെരഞ്ഞടുത്തതിലൂടെ വൻ തുകയാണ് നിർമ്മാണ പ്രവർത്തനത്തിന് വേണ്ടി വന്നത് . തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത സംരക്ഷണഭിത്തി ചെലവുകൂടി ഉൾപ്പെടുത്തിയാൽ 40 ലക്ഷം രൂപയോളം ചെലവ് വന്നിട്ടുണ്ട് . കെട്ടിടത്തിന്റെ അസ്ഥിവാരത്തിനും സംരക്ഷണഭിത്തിക്കുമായി വൻ തുക ചെലവഴിക്കേണ്ടി വന്നു. നിർമ്മാണയോജ്യമായ സ്ഥലം തെരഞ്ഞെടുത്ത് ചെലവഴിക്കുന്ന തുക പൂർണ്ണമായും ഫലപ്രദമാകുന്നു എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ചുമതലയാണ്.

## 1-23 ടെണ്ടർ ഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല

പഞ്ചായത്തിൽ 2020-21 വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. 2020-21 മുതൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീ വരവാകുമെന്ന് അറിയിച്ചിരുന്നെങ്കിലും പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന് അവകാശപ്പെട്ട ടെണ്ടർ ഫീസ് കണക്കാക്കി തനത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈഫ് പദ്ധതി -മുൻകൂർ ലഭിച്ച ഗുണഭോക്താവ് ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം 2018-19 വർഷം ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ട കുട്ടിപ്പെണ്ണ് മാധവൻ എന്ന വ്യക്തി നാളിതുവരെ ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല. ആദ്യ ഗഡുവായി ടി വ്യക്തി 40000/-രൂപ കൈപ്പറ്റിയിട്ടുണ്ട്.ഭവന നിർമ്മാണം ആരംഭിക്കാതിരുന്നതിനാൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി (09.10.20 ലെ 7/04-ം നമ്പർ തീരുമാനം) തീരുമാനമെടുത്തിരുന്നു .എന്നാൽ നാളിതുവരെ തുക തിരികെ

ഈടാക്കിയതായി കാണുന്നില്ല.ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തപക്ഷം അടിയന്തിരമായി മുൻകൂർ നൽകിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈഫ് പദ്ധതി അവലോകനം.

ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ 11 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്.സി.പി, .റ്റി.എസ്.പി വിഭാഗത്തിലുമായി ആകെ 6 പ്രോജക്ടുകളാണ് നടപ്പിലാക്കിയത് .11 ഗുണഭോക്താക്കളിൽ ആരും തന്നെ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2020-21 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്ലാൻ ഫണ്ട് | പ്ലാൻ ഫണ്ട് (എസ്.സി.പി) | പ്ലാൻ ഫണ്ട് (റ്റി.എസ്.പി) | സംസ്ഥാന വിഷ്കൃത ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ല പഞ്ചായത്ത് വിഹിതം | വായ്പ |
|---|---|---|---|---|---|---|---|
| 80/21 | 40000 | | | | | | |
| 104/21 | | 22500 | | | | | |
| 134/21 | | 120000 | | 200000 | 320000 | 880000 | |
| 135/21 | | | | 1540000 | 100000 | 920000 | 2440000 |
| 136/21 | | | 40000 | | | | |
| 184/21 | | | | | 300000 | | |
| ആകെ | 40000 | 142500 | 40000 | 1740000 | 720000 | 1800000 | 2440000 |

ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ളവ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണം ഫലപ്രദമല്ല

അങ്കണവാടി

കൈമാറിക്കിട്ടിയ അങ്കണവാടികളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. പതിമൂന്നാം പഞ്ചവത്സരക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും കെട്ടിടവും സ്ഥലവും ലഭ്യമാക്കുക എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്നും ഇതിനായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്ത് സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും11/2018 തസ്വഭവ തീ 20-01-2018 നമ്പർ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള അങ്കണവാടികൾക്ക് സ്ഥലം,കെട്ടിടം,ചുറ്റുമതിൽ കുടിവെള്ളം, ഫർണിച്ചർ , മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നല്കണമെന്നും സൂചിത ഉത്തരവ് നിർദ്ദേശിക്കുന്നു.

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 24 അങ്കണവാടികളാണുള്ളത്. ഇതിൽ 21 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളപ്പോൾ 1 എണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വാടക രഹിതകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഇതിൽ മ്ലാക്കര, കൊടുങ്ങ അങ്കണവാടിക്കും, കൂട്ടിക്കൽ സെന്റർ അങ്കണവാടിക്കും 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിരുന്നില്ല. കൂട്ടിക്കൽ സെന്റർ അങ്കണവാടി ഐ സി ഡി എസ് സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ പരിശോധിച്ചു. പ്രസ്തുത അങ്കണവാടിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ നീതീകരിക്കാനാവാത്ത വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. കോടതി വ്യവഹാരം നടക്കുന്ന സ്വകാര്യസ്ഥലത്തെ അടച്ചുറപ്പില്ലാത്തതും കമ്പിവലയും കർട്ടനും ഉപയോഗിച്ച് മറവ് വരുത്തിയതുമായ കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നത്. സ്വന്തമായി ടോയ് ലറ്റ് സൗകര്യമില്ലാത്തതിനാൽ സമീപത്തെ കെട്ടിടങ്ങളുടെ സൗകര്യം ആണ് ഉപയോഗിക്കുന്നത്. ഫാൻ,



ഇലക്ട്രിക് വാട്ടർ പ്യൂരിഫയർ തുടങ്ങിയവ വാങ്ങി നല്കിയിട്ടുണ്ടെങ്കിലും നിയമാനുസൃതം വൈദ്യുതീകരിച്ചിട്ടുള്ള കെട്ടിടം അല്ലാത്തതിനാൽ ആയവ പ്രവർത്തിപ്പിക്കുന്നതിന് മറ്റ് കെട്ടിടങ്ങളിൽ നിന്നും അനധികൃതമായി വൈദ്യുതി എടുക്കുന്ന സാഹചര്യവും നിലവിലുണ്ട്.

കെട്ടിടത്തിൽ കുടിവെള്ള സൗകര്യം ഒരുക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നും വാങ്ങി നല്കിയ ഇലക്ട്രിക് വാട്ടർ പ്യൂരിഫയറിൽ ജലം എത്തിക്കുന്നത് സമീപത്ത് സ്ഥാപിച്ച വീപ്പയിൽ ജലം നിറച്ചാണ്. ഇടവേളകളിൽ കുട്ടികൾക്ക് കളിക്കുന്നതിനോ, ഉറങ്ങുന്നതിനോ കെട്ടിടത്തിൽ സൗകര്യമില്ല.



വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ പോലും സൂക്ഷിക്കുന്നതിന് മതിയായ സൗകര്യം ഇല്ല.

മൂന്ന് വയസ്സിൽ താഴെ പ്രായമുള്ള 26 കുട്ടികൾ, 12 പ്രീ സ്കൂൾ കുട്ടികൾ എന്നിവർക്കും 9 ഗർഭിണികൾക്കും 6 മുലയൂട്ടുന്ന അമ്മമാർക്കും ഇവിടെ നിന്ന് സേവനം നല്കുന്നുണ്ട്. സമൂഹത്തിന് പ്രയോജനപ്പെടുന്ന സ്ഥാപനത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് അങ്കണവാടി പ്രവർത്തനം അടിയന്തിരമായി മാറ്റി അപകടസാധ്യത ഒഴിവാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

<u>വെറ്ററിനറി ഹോസ്പിറ്റൽ</u>

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണം പഞ്ചായത്തിന്റെ ചുമതലയാണ് . ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിൽ 1994മുതൽ പ്രവർത്തിക്കുന്ന വെറ്ററിനറി



ആശുപത്രിയുടെ സ്ഥിതി ശോചനീയമാണ്. പറത്താനം ലൈബ്രറി പ്രവർത്തനാനുമതി നല്കിയ കെട്ടിടത്തിൽ വാടകരഹിതമായാണ് ആശുപത്രി പ്രവർത്തിക്കുന്നത്. സ്ഥാപനം നേരിൽ പരിശോധിച്ചതിൽ കൃത്യമായ ഫ്ലോറിംഗ് പോലും നടന്നിട്ടില്ലാത്ത കെട്ടിടം മഴക്കാലത്ത് ഈർപ്പം നിറഞ്ഞ് പ്രവർത്തനം തടസ്സപ്പെടുന്നതും ആശുപത്രി ഉപകരണങ്ങൾ, വാങ്ങി ശേഖരിച്ചിട്ടുള്ള മരുന്നുകൾ എന്നിവക്ക് നാശം വരുത്തുന്ന സ്ഥിതിയിലുമാണ്. കംപ്യൂട്ടർ, ഫ്രിഡ്ജ് തുടങ്ങിയ ഉപകരണങ്ങൾക്ക് നിരന്തരം കേടു വരുന്നു. മൃഗങ്ങളെ കൃത്യമായ പരിശോധന നടത്തുന്നതിനുള്ള സൗകര്യവും ആശുപത്രിയിൽ ഇല്ല എന്ന് വെറ്ററിനറി സർജൻ അറിയിച്ചു.



അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ പഞ്ചായത്തിലെ മറ്റ് വാർഡുകളിൽ നിന്നുള്ളവർക്ക് എത്തിച്ചേരുന്നതിന് വളരെയേറെ യാത്രചെയ്യേണ്ടതിനാൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ കുട്ടിക്കലിൽ സ്ഥലം കണ്ടെത്തുന്നതും ഏന്തയാറിൽ നിലവിലുള്ള സബ്സെന്റർ നിലവിലെ ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റുന്നതും ഉചിതമായിരിക്കുമെന്നും വെറ്ററിനറി സർജൻ അറിയിച്ചു. ഭരണസമിതി വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട്

വെറ്ററിനറി ഹോസ്പിറ്റലുകൾ ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 കോവിഡ് പ്രവർത്തനം-അവലോകനം

കോവിഡ് 19 മഹാമാരി നേരിടുന്ന ഈ കാലത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് ജനങ്ങൾക്ക് വലിയ ആത്മവിശ്വാസമാണ് നൽകിയിട്ടുള്ളത്. ആകെ 71403 രൂപയാണ് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി കിച്ചൺ നടത്തുന്നതിലേക്കാവശ്യമായി വന്ന ചെലവുകളാണ് പ്രധാനമായും കോവിഡ് പ്രവർത്തനങ്ങളുടെ ഭാഗമായി കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന് 2020-21 സാമ്പത്തിക വർഷം ചെലവുവന്നത്.കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, വിവിധ തലങ്ങളിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ, കോവിഡ് ബോധവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള അനൗസ് മെന്റുകൾ എന്നിവ നടത്തിയിട്ടുണ്ട്. കോവിഡ് രോഗികൾക്കാവശ്യമുള്ള ഇൻഫ്രാറെഡ് തെർമോമീറ്ററുകൾ, സാനിറ്റൈസറുകൾ എന്നിവയുടെ വാങ്ങൽ, ആന്റിജൻ ടെസ്റ്റുകൾ നടത്തൽ, ബാരിക്കേഡുകൾ നിർമ്മിക്കൽ എന്നീ ഇനങ്ങലിലുള്ള ചെലവുകളും കോവിഡ് പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം നടത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

2020-21 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | ലൈഫ് മിഷൻ- രണ്ടാം ഘട്ടം ജനറൽ(135/21) | 10,00,000/- |
| | ലൈഫ് മിഷൻ- രണ്ടാം ഘട്ടം എസ് സി പി(134/21) | 3,20,000/- |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(25/21) | 62,530/- |
| | കുട്ടിക്കൽ ടൗൺ വാർഡ് കുടിവെള്ള പദ്ധതി(74/21) | 2,91,370/- |
| | പാലിയേറ്റീവ് കെയർ(91/21) | 1,50,000/- |
| | ക്ഷീരകർഷകർക്ക് ഇൻസന്റീവ്(94/21) | 1,00,000/- |
| | സുഭിക്ഷം തരിശ് നില കൃഷി(212/21) | 39,500/- |
| | സുഭിക്ഷം ഇടവിളകൃഷി(213/21) | 37,500/- |
| | കാവാലി അങ്കണവാടി നിർമ്മാണം(225/21) | 4,00,000/- |
| | ഏന്തയാർ കപ്യാങ്കൽ റോഡ്(237/21) | 2,49,609/- |
| | അങ്കണവാടികളിൽ അനുപൂരകപോഷകാഹാരം(1/21) | 1,25,000/- |
| | ബ്ലോക്ക് വിഹിതം ചെലവ് | 27,75,509/- |
| ജില്ല പഞ്ചായത്ത് കോട്ടയം | ലൈഫ് മിഷൻ- രണ്ടാം ഘട്ടം ജനറൽ(135/21) | 9,20,000/- |
| | ലൈഫ് മിഷൻ- രണ്ടാം ഘട്ടം എസ് സി പി(134/21) | 8,80,000/ |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(4/21) | 1,96,400/- |
| | ജില്ല വിഹിതം ചെലവ് | 19,96,400/- |

2020-21 മുതൽ യഥാർത്ഥ ചെലവ് തുക മാത്രമാണ് സംയോജിത പ്രോജക്ടുകളിൽ നിർവ്വഹണ സ്ഥാപനത്തിന് ലഭിക്കുന്നത്. ആയതിനാൽ ഫണ്ട് നീക്കിയിരിപ്പ് ഉണ്ടാകുന്നില്ല.എന്നാൽ 2020-21 സംയോജിത പ്രോജക്ടുകൾക്ക് വേണ്ടി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തിയിരുന്ന തുക

പഞ്ചായത്ത് പ്രോജക്ട് നിർവ്വഹണം നടത്താതിരുന്നതിനാൽ നഷ്ടമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിഹിതം വകയിരുത്തിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ആശ്രയ(78/21) | 33,300/- |
| | ലൈഫ് മിഷൻ- മൂന്നാം ഘട്ടം ജനറൽ(80/21) | 15,00,000/- |
| | ലൈഫ് മിഷൻ- മൂന്നാം ഘട്ടം എസ് സി പി(104/21) | 15,00,000/- |
| | ലൈഫ് മിഷൻ- മൂന്നാം ഘട്ടം റ്റി എസ് പി(110/21) | 80000/- |
| | ലൈഫ് മിഷൻ- രണ്ടാം ഘട്ടം റ്റി എസ് പി(136/21) | 10,00,000/- |
| | ബ്ലോക്ക് വിഹിതം വകയിരുത്തിയതിൽ ചെലവഴിക്കാത്ത തുക | 41,13,300/- |
| ജില്ല പഞ്ചായത്ത് കോട്ടയം | പാലിയേറ്റീവ് കെയർ(91/21) | 1,50,000/- |
| | ഭവനപുനരുദ്ധാരണം എസ് സി പി | 7,00,000/- |
| | ലൈഫ് മിഷൻ- മൂന്നാം ഘട്ടം ജനറൽ(80/21) | 44,96,446/-/- |
| | ലൈഫ് മിഷൻ- മൂന്നാം ഘട്ടം എസ് സി പി(104/21) | 14,20,770/ |
| | ലൈഫ് മിഷൻ- മൂന്നാം ഘട്ടം റ്റി എസ് പി(110/21) | 10,00,000/- |
| | ലൈഫ് മിഷൻ- രണ്ടാം ഘട്ടം റ്റി എസ് പി(136/21) | 10,00,000/- |
| | അങ്കണവാടികളിൽ അനുപൂരകപോഷകാഹാരം(1/21) | 3,00,000/- |
| | ജില്ല വിഹിതം വകയിരുത്തിയതിൽ ചെലവഴിക്കാത്ത തുക | 90,67,216/- |

## 4-3 നിക്ഷേപപ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ ഇളംകാട് ടോപ്പ് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ ( 143/21) എന്ന പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.യിൽ 68,895/- രൂപ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിരുന്നു.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ

പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ലട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018 | 2,76,94,706/- | 22,60,000/- | 30,29,373/- | - | 2,69,25,333/- |

സെക്രട്ടറിയുടെ 256/21, 257/21 ,273/21,274/21നം. പ്രോജക്ടുകൾ പ്രകാരം യഥാക്രമം 7,21,250/- രൂപ 2,19,647/-,18,68,829/-,2,19,647/- രൂപ എന്നിങ്ങനെ ആകെ 3029373/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

4-6 സ്ഥിരനിക്ഷേപം

2020-21 വാർഷിക ധനകാര്യ പത്രിക 31/03/2021-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ളതും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 6,89,28,792/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,92,48,490/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1406582/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 70000 | ഡോ പ്രസൂൺ മാത്യു , മെഡിക്കൽ ഓഫീസർ സി എച്ച് സി |
| 1-17 | 1110823 | ഇ എസ് കൃഷ്ണകുമാർ , സെക്രട്ടറി. |
| 1-18 | 208759 | ഇ എസ് കൃഷ്ണകുമാർ , സെക്രട്ടറി. |
| 1-20 | 17000 | സിന്ധു കെ മാത്യൂ, കൃഷി ഓഫീസർ |
| ആകെ | 1406582/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ബാധകമല്ല

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം വിവരം</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | |
| 97-98 വരവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.13/623(2)അദാലത്ത്/14/23.12.14 | 1 |

| | | |
|---|---|---|
| 98-99 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/ അദാലത്ത്/18/202(1)/ 20.2.18 | റിപ്പോർട്ട് തീർപ്പാക്കി |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(2)/18/20.2.18 | 2 |
| 2000-01 | കെ.എസ്.എ-കെ.ടിഎം.പി.11/അദാ/18/202(3)/ 20.02.18 | |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി.11/അദാ/18/202(4)/ 20.02.18 | 3 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി9/812/06/27.1.07 | 1 |
| 2002-03 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(5)/18/20.2.18 | 23 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(6)/18/20.2.18 | 3 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(7)/18/20.2.18 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(8)/18/20.2.18 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(9)18/20.2.18 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(10)18/20.2.18 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(11)18/20.2.18 | റിപ്പോർട്ട് തീർപ്പാക്കി |
| 2009-10, 10-11 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(12)18/20.2.18 | 3 |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി.13/589/15/23.08.16 | 13 |
| 2013-14 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11/ അദാലത്ത്/18/202(13)/20.02.18 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/1726/16/31.08.17 | 18 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/81/19/6.6.19 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/319/2019/17.4.19 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.11/1017/20113-8-2019 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്